## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 27.06.2013-ൽ

ചോദ്യം നം : 4371 — മറുപടിക്ക്

### ഹാരിസൺ കമ്പനിയുടെ കൈവശമുള്ള മിച്ചഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, രാജു എബ്രഹാം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശമുള്ള മിച്ചഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (എ) ഉണ്ട്. വൈത്തിരി താലൂക്ക് ലാന്റ് ബോർഡിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ പേരിലുള്ള TLB (SW)-31/81- ാം നമ്പർ സീലിംഗ് കേസിൽ 02.07.1982- ലെ നടപടിക്രമ പ്രകാരം 1845.22.500 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കവാൻ ഉള്ളതായി ഉത്തരവായിരുന്നു. പ്രസ്തുത ടി.എൽ.ബി. നടപടിക്രമത്തിനെതിരെ HML കമ്പനി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത സി.ആർ.പി.3001/82 (ബി) നം. കേസിലെ 25.11.1993- ലെ ഉത്തരവ് പ്രകാരം ടി.എൽ.ബി. ഉത്തരവ് റദ്ദ് ചെയ്യുകയും വൈത്തിരി റ്റി.എൽ.ബി. യിലേയ്ക്ക് പുനർ വിചാരണയ്ക്ക് Remand ചെയ്യുകയുമുണ്ടായി. HML കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഫയൽ ചെയ്ത OP(C) 3508/11-ാം നമ്പർ കേസിലെ ഇടക്കാല വിധിയിൽ HML നെതിരെ വൈത്തിരി ടി.എൽ.ബി.യിലെ സീലിംഗ് കേസിലെ എല്ലാ നടപടികളും സ്റ്റേ ചെയ്തിട്ടുണ്ട്. ടി.എൽ.ബി. ഉത്തരവ് |

| | |
|---|---|
| | പ്രകാരമുള്ള മിച്ചഭൂമിയിൽ നിലവിൽ തർക്കമില്ലാത്തതും സർക്കാരിലേയ്ക്ക് കമ്പനി വിട്ടുനൽകുവാൻ സന്നദ്ധമായതുമായ 834.53 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ മേൽപ്പറഞ്ഞ കേസുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി 31/07/2012- ൽ നിർദ്ദേശിച്ചു. അപ്രകാരം ഏറ്റെടുക്കൽ നടപടി തുടരവേ പ്രസ്തുത ഏറ്റെടുക്കൽ നടപടികൾ തൽസ്ഥിതിയിൽ നിലനിർത്തിക്കൊണ്ട് നിർത്തിവയ്ക്കാൻ OP(C) 3508/11- ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു. ടി കേസ് ബഹു. ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്. |
| (ബി) കോടതി വിധിയനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് കമ്പനി അധികമായി കൈവശം വെച്ചിട്ടുള്ളത് ; | (ബി) വൈത്തിരി ടി.എൽ.ബി.യിൽ HML കമ്പനിക്കെതിരെയുള്ള TLB (SW)-31/81- ാം നമ്പർ സീലിംഗ് കേസിലെ 02.07.1982- ലെ നടപടിക്രമ പ്രകാരം 1845.22.500 ഏക്കർ മിച്ചഭൂമിയാണ് ഏറ്റെടുക്കുവാൻ ഉത്തരവായത്. |
| (സി) ഹാരിസൺ കമ്പനിയുടെ കൈവശമുള്ള ഭൂരേഖകൾ വ്യാജമാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ അനധികൃതമായി കൈവശം വെക്കുന്ന ഭൂമിയുടെ അളവ് കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വസ്തുതകളെല്ലാം കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതായി കരുതുന്നുണ്ടോ ; | (സി) ഉണ്ട്. ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ബഹു. ഹൈക്കോടതിയിൽ OP(C) 3508/11-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്പനി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ആധാരങ്ങൾ, അക്കാലത്തെ സെറ്റിൽമെന്റ് രജിസ്റ്ററുകൾ, ലിത്തോ മാപ്പുകൾ, മറ്റ് റവന്യൂ റിക്കാർഡുകൾ എന്നിവയുമായി താരതമ്യം ചെയ്ത് പരിശോധിച്ച് മേൽപ്പറഞ്ഞ കേസിൽ ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. HML കൈവശം വയ്ക്കുന്നതും കൈമാറ്റം ചെയ്തതുമായ ഭൂമിയുടെ |

രേഖകകൾ വിശദമായി പരിശോധിക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഹാരിസൺ കമ്പനിക്ക് വ്യാജരേഖ ചമയ്ക്കുന്നതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) എച്ച്.എം.എൽ. കമ്പനിയുമായി ബന്ധപ്പെട്ട രേഖകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം അന്വേഷണം നടന്നു വരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

( ഇ ) കമ്പനി കൈവശം വെച്ചിട്ടുള്ള കയ്യേറ്റ ഭൂമിയിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ച് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. HML കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്ത OP(C) 3508/11-ാം നമ്പർ കേസിൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ എസ്റ്റേറ്റുകളിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചു നീക്കുന്നതിന് 18 കോടി രൂപ ഹൈക്കോടതിയിൽ ഈടു വയ്ക്കുന്നതിന് കമ്പനിയോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ